3. അസി. ഡയറക്ടർ	9 എണ്ണം
4. ഡ്രാഫ്റ്റ്സ്മാൻ	2 എണ്ണം
5. ശിപായി/മറ്റുള്ളവർ	2 എണ്ണം

ഭരണ സംവിധാനം:-

ഒരു വർക്കിന്റെ ഡിസൈൻ വിശദമായി ചെയ്യുന്നത് അസിസ്റ്റന്റ് ഡയറക്ടറാണ്. ഈ ഡിസൈന്റെ കൃത്യത ഒരു ഡെപ്യൂട്ടി ഡയറക്ടർ യഥാ വിധി പരിശോധിക്കുന്നു. അതിന്മേൽ ഒരു ജോയിന്റ് ഡയറക്ടർ ആകമാന പരിശോധനയും വിലയിരുത്തലും നടത്തുന്നു. ഡയറക്ടറുടെ ശുപാർശ പ്രകാരം ഈ ഡിസൈൻ, ചീഫ് എഞ്ചിനീയർ അംഗീകരിക്കുന്നു.

(ബി) ഒരു വർക്കിന്റെ സങ്കീർണ്ണത, വ്യാപ്തി, കൃത്യത, എക്കോണമി മുതലായ ഘടകങ്ങളെ ആശ്രയിച്ച് ഒരു മാസം മുതൽ മൂന്ന് മാസം വരെ സമയം എടുക്കും.

(സി) 73 വർക്കുകളുടെ ഡിസൈൻ തയ്യാറാക്കാൻ ബാക്കി കിട ക്കുന്നു. അവയിൽ 66 വർക്കുകളുടെ ഡിസൈൻ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വർക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ഡി) പ്രതിവർഷം 95 ലക്ഷത്തോളം രൂപ ചെലവ് വരും.

74 (538) റോഡുകളുടെ പണികൾക്കായുള്ള തുക

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ റോഡുകളുടെ പണി കൾക്കായി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിരുന്ന എല്ലാ പണികളും ആരംഭി ക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പായി തന്നെ ഈ പണികൾ ആരംഭിക്കാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മതിയായ ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവം മൂലവും ആവ ശ്യമായ സ്ഥലത്തിന്റെ ദൗർലഭ്യം കൊണ്ടും എല്ലാ പണികളും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും പണികളുടെ ആവശ്യകത കണക്കിലെടുത്ത് അഡീഷ ണൽ ആതറൈസേഷൻ വഴി കൂടുതൽ തുക കണ്ടെത്തി കഴിയുന്നതും പണി കൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

75 (539) ആനവിരട്ടി - 200 ഏക്കർ - മെഴുകുഞ്ചാൽ റോഡ്

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ അടിമാലി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട ആനവിരട്ടി-200 ഏക്കർ-മെഴുകുഞ്ചാൽ റോഡ് നബാർഡ് ഏറ്റെടുക്കണമെന്ന അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ റോഡിന്റെ പണി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനത യിൽ ഉള്ളതല്ല.

76 (540) പുഞ്ചക്കുഴി പാലം പുതുക്കിപ്പണി

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ വല്ലം-പാണങ്കുഴി റോഡിലെ പുഞ്ചക്കുഴി പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ ഏതു വരെയായി;

(ബി) ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ തുക എത്ര;

(സി) ഈ പാലം പണി എന്നേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ) പാലം പുതുക്കിപ്പണിയുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടു ക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) 87 ലക്ഷം രൂപ.

(സി) സ്ഥലത്തിന്റെ ലഭ്യത, ഭരണാനുമതി, ഡിസൈൻ, പ്രത്യേകാനു മതി, സാങ്കേതികാനുമതി, ബഡ്ജറ്റിൽ മതിയായ തുക, ഇവയെല്ലാം ശരിയാ കുന്ന മുറയ്ക്ക് മാത്രമേ പാലം പണി ഏറ്റെടുക്കുന്നതിന് സാധിക്കുകയുള്ളു.

77 (541) 2000 ജനുവരി ഒന്നുവരെയുള്ള പൊതുമരാമത്ത് റോഡുകൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 ജനുവരി ഒന്നുവരെ എത്ര വില്ലേജ് റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെ ടുത്തു;

(ബി) അവ ഏതൊക്കെയാണെന്ന് നിയോജകമണ്ഡല അടിസ്ഥാന ത്തിൽ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly